# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.458 08-08-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.വി.ഡി. സതീശൻ

ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**വായ്പയെടുക്കലും ചെലവഴിക്കലും**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപത്രങ്ങൾ വഴിയും മറ്റും എന്തുതുക വായ്പയെടുത്തു ; | അക്കൗണ്ടന്റ് ജനറലിന്റെ 31.12.2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 01.05.2016 മുതൽ 31.12.2016 വരെ കടപത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. 01-01-2017-മുതലുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി ; | വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം കടബാദ്ധ്യതകൾ തീർക്കുന്നതിനായി വിനിയോഗിക്കാറുണ്ട്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. റവന്യൂ വരുമാനം ഗണ്യമായി ഉയർത്തി റവന്യൂ കമ്മി ഇല്ലാതാക്കി വായ്പയെടുക്കുന്ന മുഴുവൻ പണവും മൂലധന ചെലവിനായി ഉപയോഗിക്കാൻ കഴിയുന്ന ഒരു തന്ത്രത്തിനാണ് ഈ സർക്കാർ രൂപം നൽകി നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക എതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (സി) | ഈ സർക്കാർ പുറപ്പെടുവിച്ച ധവള പത്രങ്ങളിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ? | ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്. |

സെക്ഷൻ ഓഫീസർ